ഉത്തരം

(എ, ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ മന്ത്രി തലത്തിൽ സെക്രട്ടറി തലത്തിലും വിലയിരുത്തി കൂടുതൽ കാര്യക്ഷമമാക്കി വരുന്നു ആവശ്യമായ ഘട്ടങ്ങളിൽ ബോർഡ് അംഗങ്ങളേയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പ യോഗങ്ങൾ കൂടാറുണ്ട്.

(സി) എല്ലാ ക്ഷേമനിധി ബോർഡ് തലവന്മാരെയും പങ്കെടുപ്പിച്ച് 19-10-2004 തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടിയിട്ടുണ്ട്.

കർഷകത്തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം ലഭ്യമാക്കൽ

77 [1282] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾ തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരു പെൺമക്കളുടെ വിവാഹ ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ; ഏത് വർഷം മുതലു അപേക്ഷകർക്കാണ് ധനസഹായം നൽകുവാൻ ബാക്കിയുള്ളത് ;

(ബി) ആയതിന് എത്ര രൂപ വേണ്ടിവരും ;

(സി) ബോർഡ് മുഖേന വിതരണം ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതുവ വിതരണം ചെയ്ത തുകയെത്ര ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 51,449 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. 1-7-2002 മുതൽ 31-1-2005 വ ഉള്ള അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിശദാംശം† അനുബന്ധമായി ചേർത്തിട്ടുണ

(ബി) 10,28,98,000 രൂപ (പത്തുകോടി ഇരുപത്തിയെട്ട് ലക്ഷത തൊണ്ണൂറ്റിയെട്ടായിരം രൂപ) വേണ്ടിവരും;

(സി) വിതരണം ചെയ്തിട്ടുണ്ട് 31-1-2005 വരെ 8,25,08,526 രൂപ (എട്ട് കോ ഇരുപത്തിയഞ്ച് ലക്ഷത്തി എണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തിയാറ് രൂ വിതരണം ചെയ്തുത്തിട്ടുണ്ട്. തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	തുക
തിരുവനന്തപുരം	67,94,906
കൊല്ലം	8,72,293
പത്തനംതിട്ട	38,91,913
ആലപ്പുഴ	21,59,997
കോട്ടയം	1,44,32,228
ഇടുക്കി	77,09,688
എറണാകുളം	1,56,55,816
തൃശ്ശൂർ	70,80,695
പാലക്കാട്	1,00,91,935
മലപ്പുറം	34,99,799
കോഴിക്കോട്	46,85,692
വയനാട്	14,48,555
കണ്ണൂർ	28,98,940
കാസർഗോഡ്	12,86,069
ആകെ	8,25,08,526

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിക്കാൻ നടപടി

78 [1283] ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികൾക്ക് മിനിമം വേതനം ഏതെല്ലാം മേഖലകളിലും സ്ഥാപനങ്ങളിലും നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇനിയും മിനിമം വേതനം നിശ്ചയിക്കുവാനും നടപ്പിലാക്കുവാനും കഴിഞ്ഞിട്ടില്ലാത്ത മേഖലകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത മേഖലകളിലും സ്ഥാപനങ്ങളിലും മിനിമം വേതനം നിശ്ചയിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) മിനിമം വേതനം ഉറപ്പാക്കിയ മേഖലകളിൽ അത് നിഷേധിക്കുന്നതിന്റെ പേരിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ എത്ര പരാതികൾ ലഭിച്ചു ;